# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 6140 — 20.11.2019-ന് മറുപടിയ്ക്ക്

### പിന്നോക്ക വിഭാഗത്തിലെ നേഴ്സിംഗ് വിദ്യാർത്ഥികൾക്കുള്ള ധനസഹായങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. പി.സി. ജോർജ് :** | **എ. കെ. ബാലൻ**<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) പിന്നോക്ക വിഭാഗത്തിൽപ്പെടുന്ന നേഴ്സിംഗ് വിദ്യാർത്ഥികൾക്കായി എന്തൊക്കെ ധനസഹായങ്ങൾ സർക്കാർ നൽകുന്നുണ്ടെന്ന് വിശദമാക്കാമോ ; | (എ) സർക്കാർ എയ്ഡഡ് മേഖലകളിൽ പ്രവർത്തിക്കുന്ന നഴ്സിംഗ് കോളേജുകളിൽ പഠിക്കുന്ന മെറിറ്റിലോ സംവരണത്തിലോ പ്രവേശനം നേടിയ 1 ലക്ഷം രൂപയിൽ അധികരിക്കാത്ത വാർഷിക വരുമാനമുള്ള എസ്.ഇ.ബി.സി. വിഭാഗം വിദ്യാർത്ഥികൾക്ക് നിയമാനുസൃതമായ ഫീസ്, സ്റ്റൈപ്പന്റ്, ലംപ്സം ഗ്രാന്റ് എന്നിവയും അനുവദിക്കുന്നു. സർക്കാർ, സർക്കാർ അംഗീകൃത ഏജൻസികളുടെ അലോട്ട്മെന്റ് പ്രകാരം പ്രവേശനം നേടുന്ന, മറ്റ് പിന്നാക്ക വിഭാഗത്തിലുൾപ്പെടുന്ന ഒ.ഇ.സി വിഭാഗം വിദ്യാർത്ഥികൾക്ക് വരുമാന പരിധി ഇല്ലാതെയും, സ.ഉ.(കൈ)നം.10/2014/ പി.സ.വി.വ, തീയതി 23.05.2014 പ്രകാരം തെരഞ്ഞെടുക്കപ്പെട്ട 30 സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് 6 ലക്ഷം രൂപ വാർഷിക വരുമാന പരിധിയ്ക്ക് വിധേയമായി നിയമാനുസൃത ഫീസ്, ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, ഹോസ്റ്റൽ ഫീസ് എന്നിവയും നൽകി വരുന്നു. ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്നവർക്ക് നിയമാനുസൃത ഫീസും, സ്റ്റൈപ്പന്റിന് പകരം പോക്കറ്റ് മണിയും അനുവദിക്കുന്നുണ്ട്. |

(.....2)

(ബി) ഇതരസംസ്ഥാനങ്ങളിൽ പഠിക്കുന്ന പിന്നോക്ക വിഭാഗത്തിൽപ്പെടുന്ന നേഴ്സിംഗ് വിദ്യാർത്ഥികൾക്ക് എന്തെല്ലാം ധനസഹായങ്ങൾ ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?

(ബി) സംസ്ഥാനത്തിന് പുറത്തെ ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങളിലും, കേന്ദ്ര യൂണിവേഴ്സിറ്റികളിലും നഴ്സിംഗ് ഉൾപ്പെടെയുള്ള കോഴ്സുകളിൽ പഠിക്കുന്ന കുടുംബ വാർഷിക വരുമാനം 1.5 ലക്ഷം രൂപയിൽ അധികരിക്കാത്ത മറ്റ് പിന്നാക്ക വിഭാഗം വിദ്യാർത്ഥികൾക്ക് നോൺ റീഫണ്ടബിൾ ഫീസ്, മെയിന്റനൻസ് അലവൻസ് എന്നിവ അനുവദിക്കുന്നുണ്ട്.

ടി സ്ഥാപനങ്ങളിൽ പഠിക്കുന്ന മറ്റ് പിന്നാക്ക വിഭാഗത്തിലുൾപ്പെടുന്ന ഒ.ഇ.സി വിഭാഗം വിദ്യാർത്ഥികൾക്ക് വരുമാന പരിധി ഇല്ലാതെയും സ.ഉ.(കൈ) നം.10/2014/പി.സ.വി.വ, തീയതി 23.05.2014 പ്രകാരം തെരഞ്ഞെടുക്കപ്പെട്ട 30 സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് 6 ലക്ഷം രൂപ വാർഷിക വരുമാന പരിധിയ്ക്ക് വിധേയമായി നിയമാനുസൃതമായ എല്ലാ ഫീസുകളും, ലംപ്സം ഗ്രാന്റും, ഹോസ്റ്റൽ ഫീസും കേരള സംസ്ഥാനത്തെ നഴ്സിംഗ് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകി വരുന്ന അതേ നിരക്കിലും അനുവദിക്കുന്നു.

സെക്ഷൻ ഓഫീസർ